**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1088** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>കോതമംഗലം മണ്ഡലത്തിൽ പട്ടയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കോതമംഗലം നിയോജകമണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ;

**<u>മറുപടി:</u>** കോതമംഗലം താലൂക്കിൽ 324 പട്ടയ അപേക്ഷകളും, കോതമംഗലം സ്പെഷ്യൽ (ഭൂമി പതിവ്) തഹസിൽദാരുടെ കാര്യാലയത്തിൽ 1993-ലെ വനഭൂമി പ്രത്യേക ചട്ടങ്ങൾ പ്രകാരം 582 അപേക്ഷകളും, 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 5365 അപേക്ഷകളും നടപടികളിലിരിക്കുന്നതാണ്.

**(ബി)** പട്ടയം ലഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിന്മേൽ നടപടികൾ പൂർത്തിയാക്കിയോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ലഭ്യമായ അപേക്ഷകൾ വിവിധ ഘട്ടങ്ങളിലായി പട്ടയ നടപടിയിലിരിക്കുന്നതാണ്. കോതമംഗലം സ്പെഷ്യൽ (ഭൂമി പതിവ്) തഹസിൽദാരുടെ കാര്യാലയത്തിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 64 പട്ടയങ്ങളും, 1993 റൂൾ പ്രകാരം 69 പട്ടയങ്ങളും വിതരണം ചെയ്തിട്ടുള്ളതാണ്.

**(സി)** പട്ടയത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** പട്ടയ നടപടികളിൽ സർവേയർമാരുടെ അഭാവം, കക്ഷികൾ രേഖകൾ ഹാജരാക്കുന്നതിലുള്ള കാലതാമസം, റിക്കാർഡുകളുടെ അഭാവം എന്നിവ മൂലം കാലതാമസം നേരിടുന്നുണ്ട്. അത് പരിഹരിച്ച് കാലതാമസം ഒഴിവാക്കാവുന്നതായി കാണുന്നു. കോതമംഗലം സ്പെഷ്യൽ (ഭൂമി പതിവ്) തഹസിൽദാരുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ള റൂൾ 1964 പ്രകാരമുള്ള പട്ടയ അപേക്ഷകളിൽ കൈവശഭൂമി ജണ്ടയ്ക്ക് വെളിയിൽ കിടക്കുന്നതും, റവന്യൂ രേഖകളിൽ നിലം, പുരയിടം, പുറമ്പോക്ക്, തരിശ് എന്നും രേഖപ്പെടുത്തിയിട്ടുള്ള കേസുകളിൽ ഭൂമി പതിച്ചു നൽകുന്നതിനായി 02/06/2020-ലെ സ.ഉ.(ആർ.റ്റി) നം. 2020/2020/റവ, 04/11/2023-ലെ സ.ഉ.(ആർ.റ്റി.) നം.3966/2023/റവ. ഉത്തരവുകൾ പ്രകാരം നടപടികൾ ആരംഭിച്ചിട്ടുള്ളതും, ടി ഭൂമി 1895, 1905, 1907, 1911 വർഷങ്ങളിൽ വനഭൂമിയായി വിജ്ഞാപനം ചെയ്തിട്ടുള്ളതിനാൽ പതിവ് നടപടികൾ നിർത്തി വയ്ക്കണമെന്നും വനംവകുപ്പ് തടസ്സം ഉന്നയിച്ചതിനെ തുടർന്ന് പതിവ് നടപടികൾ നിർത്തി

വച്ചിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിനും വനം വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഭൂമിയുടെ നിജസ്ഥിതി വിവരങ്ങൾ കണ്ടെത്തുന്നതിനായി 08.05.2026-ലെ സ.ഉ.(കൈ) നം.172/2026/ആർഡി പ്രകാരം കോതമംഗലം താലൂക്കിലെ പട്ടയവിതരണത്തിനായി ഒരു വർഷത്തേക്ക് താല്ക്കാലികമായി സൃഷ്ടിച്ച സ്പെഷ്യൽ ഓഫീസിന് 14/03/2026 മുതൽ ഒരു വർഷത്തേക്ക് കൂടി തുടർച്ചാനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**